**വഴിവെളിച്ചം**

# മൂന്നു കൂട്ടുകാർ

عَنْ أبى هُرَيْرَةَ رَضِيَ اللّٰهُ عَنْهُ: أَنَّ رَسُولَ اللّٰهِ ﷺ قَالَ: مَثَلُ ابْنِ آدَمَ وَمَالِهِ وَأَهْلِهِ وَعَمَلِهِ كَرَجُلٍ لَهُ ثَلَاثَةُ إِخْوَةٍ أَوْ ثَلَاثَةُ أَصْحَابٍ. فَقَالَ أَحَدُهُمْ: أَنَا مَعَكَ حَيَاتَكَ. فَإِذَا مِتَّ فَلَسْتُ مِنْكَ وَلَسْتُ مِنِّى. وَقَالَ الأَخَرُ: أَنَا مَعَكَ فَإِذَا بَلَغْتَ تِلْكَ الشَّجَرَةَ فَلَسْتُ مِنْكَ وَلَسْتُ مِنِّى. وَقَالَ الأَخَرُ: أَنَا مَعَكَ حَيًّا وَمَيِّتًا

*** അബൂഹുറയ്റ(റ)യിൽനിന്ന്: നബി(സ) പറഞ്ഞു: "ഒരു മനുഷ്യന്റെയും അവന്റെ സമ്പത്ത്, കുടുംബം, കർമങ്ങൾ എന്നിവയുടെയും ഉപമ, മൂന്നു സഹോദരന്മാരുള്ള/കൂട്ടുകാരുള്ള ഒരാളെ പോലെയാണ്. അവരിൽ ഒരാൾ പറഞ്ഞു: ഞാൻ നിന്റെ ജീവിതകാലം മുഴുവൻ നിന്റെ കൂടെയുണ്ടാവും; എന്നാൽ നീ മരണപ്പെടുന്നതോടെ ഞാനും നീയും തമ്മിലുള്ള സർവബന്ധങ്ങളും അറ്റു. രണ്ടാമൻ പറഞ്ഞു: ഞാൻ നിന്നോടൊപ്പമുണ്ടാവും; എന്നാൽ ആ കാണുന്ന മരത്തിന്റെ സമീപത്ത് നീ എത്തിയാൽ പിന്നെ ഞാനും നീയും തമ്മിൽ ബന്ധമുണ്ടാവില്ല. മൂന്നാമൻ പറഞ്ഞു: ഞാൻ സദാ നിന്നോടൊപ്പമുണ്ട്; നീ ജീവിച്ചാലും മരിച്ചാലും" (ബുഖാരി)**

**ഐഹികജീവിതത്തിൽ** മനുഷ്യൻ ചെയ്യുന്ന കർമങ്ങൾ, അവന്റെ കൂട്ടുകുടുംബങ്ങൾ, സമ്പത്ത് ഇവ മൂന്നിന്റെയും യാഥാർഥ്യം വ്യക്തമാക്കുന്ന നബിവചനമാണിത്. മനുഷ്യന് ഏറെ ഉപകാരപ്പെടുന്ന ഐഹികവിഭവങ്ങളിൽ പ്രധാനമാണ് സമ്പത്ത്. ജീവിതാവശ്യങ്ങൾ പൂർത്തീകരിക്കാനും പ്രാരാബ്ധങ്ങൾ മറികടക്കാനും സമ്പത്ത് വേണം. ജീവിതം സമാധാനപൂർണമാവണമെങ്കിലും മറ്റു പലതുമെന്നതുപോലെ സമ്പത്തും ആവശ്യമാണ്. ദാരിദ്ര്യവും കഷ്ടപ്പാടുകളും ജീവിതത്തെ അസ്വസ്ഥവും പ്രയാസപൂർണവുമാക്കും.

ജീവിതം ശോഭനമാക്കുന്നതിലും പുരോഗതിയിലേക്ക് നയിക്കുന്നതിലും കുടുംബത്തിന്റെ പങ്ക് വളരെ വലുതാണ്. ജനനം മുതൽ മരണം വരെയുള്ള ഓരോ സന്ദർഭങ്ങളിലും മനുഷ്യന്റെ കൂടെ അവന്റെ കുടുംബമുണ്ട്. കുടുംബത്തിന്റെ താങ്ങും തണലുമില്ലാതെ മുന്നോട്ടു പോവുക സാധ്യമല്ല. സാമൂഹികജീവിയായ മനുഷ്യന് കുടുംബം ജീവവായു പോലെ പ്രധാനമാണ്.

മേൽ പറഞ്ഞ രണ്ട് അനുഗ്രഹങ്ങൾക്കും മൗലികമായ ചില പോരായ്മകളും പരിമിതികളുമുണ്ട്. അവ രണ്ടിന്റെയും പ്രയോജനം മനുഷ്യന് ഐഹികലോകത്ത് മാത്രമേ ലഭിക്കുകയുള്ളൂ. പാരത്രികലോകത്ത് അവയുടെ സഹായം ലഭിക്കുകയില്ല. ധനവും ബന്ധുമിത്രാദികളും ഭൗതികജീവിതത്തിൽ ഒരാൾക്ക് ഉപകാരപ്പെട്ടേക്കാം. മരണം സംഭവിക്കുന്നതോടെ അവയുമായുള്ള സർവ ബന്ധങ്ങളും മനുഷ്യന് ഇല്ലാതായിപ്പോവുന്നു. എത്ര പ്രിയപ്പെട്ടവരും മരണത്തോടെ വേർപിരിയാൻ നിർബന്ധിതരാണ്. ഏതൊരു സമ്പന്നനും മരണനാളിൽ മൂന്നു കഷ്ണം തുണിയും ആറടി മണ്ണുമല്ലാതെ മറ്റൊന്നും സ്വന്തമായി ഉണ്ടാവുകയില്ല.

എന്നാൽ മനുഷ്യന്ന് ഒരു നിമിഷം പോലും വേർപിരിയാതെ സദാ സമയവും കൂടെ നടക്കുന്ന ഒരു കൂട്ടുകാരനുണ്ട്. ഐഹിക ജീവിതത്തിൽ ഓരോരുത്തനും ചെയ്തുകൊണ്ടിരിക്കുന്ന സദ്കർമങ്ങളും ദുഷ്കർമങ്ങളുമത്രെ അത്. കർമങ്ങളുമായി മനുഷ്യനുള്ള ബന്ധം ഈ ലോകത്ത് അവസാനിക്കുന്നതല്ല. ജീവിതത്തിലും മരണത്തിലും സ്വന്തം കർമങ്ങൾ മനുഷ്യന്റെ കൂടെയുണ്ടാകും. നബി(സ) പറഞ്ഞു: "മരണപ്പെട്ട ഏതൊരാളെയും മൂന്നു കാര്യങ്ങൾ അനുഗമിക്കുന്നു- കുടുംബം, ധനം, കർമങ്ങൾ. പിന്നീട് അവയിൽ രണ്ടെണ്ണം തിരിച്ചു പോരുകയും ഒന്ന് അവശേഷിക്കുകയും ചെയ്യുന്നു. കുടുംബവും സമ്പത്തും തിരിച്ചുപോരും. കർമങ്ങൾ അവനോടൊപ്പം നിലകൊള്ളും" (ബുഖാരി, മുസ്ലിം).

മനുഷ്യനും അവന്റെ പ്രവർത്തനങ്ങളും തമ്മിലുള്ള യഥാർഥ ബന്ധം ആരംഭിക്കുന്നത് മരണത്തോടെയാണ്. രസിപ്പിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്ന കൂട്ടുകാരനായി കർമങ്ങൾക്ക് പരിണാമം സംഭവിക്കുന്നു. നബി(സ) പറഞ്ഞു: "സത്യവിശ്വാസിയായ ഒരു മനുഷ്യന്റെ ആത്മാവ് ഖബ്റിലെത്തിക്കഴിഞ്ഞാൽ നന്നായി വസ്ത്രം ധരിച്ച, സുമുഖനായ ഒരു വ്യക്തി പരിമളം വീശിക്കൊണ്ട് അവിടേക്ക് കടന്നുവരും. അയാൾ പറയും: 'സന്തോഷിച്ചുകൊള്ളു, ആനന്ദകരമായതെല്ലാം നിനക്ക് വേണ്ടി സജ്ജമാക്കിയിരിക്കുന്നു. വാഗ്ദത്തം ചെയ്യപ്പെട്ട ആ ദിനമാണിത്.' വിശ്വാസി ചോദിക്കും: 'ആരാണ് താങ്കൾ? മനോഹരമായ താങ്കളുടെ മുഖം കാണുമ്പോൾ തന്നെ സന്തോഷം തോന്നുന്നു!' അയാൾ പറയും: 'ഞാനാണ് നിന്റെ സൽകർമങ്ങൾ!' അപ്പോൾ സത്യവിശ്വാസി പറയുകയാണ്: 'നാഥാ, ആ ഖിയാമത്ത് ഒന്ന് വേഗമാക്കിയാലും. എനിക്ക് എന്റെ കുടുംബ-ധനാദികളിലേക്ക് തിരിച്ചുചെന്ന് ഒന്നിച്ചു ജീവിക്കാമല്ലോ!' .......... എന്നാൽ നിഷേധിയായ ആത്മാവ് ഖബ്റിലെത്തിക്കഴിഞ്ഞാൽ

മുഷിഞ്ഞ വസ്ത്രം ധരിച്ച, അതിവിരൂപനായ ഒരാൾ ദുർഗന്ധം പരത്തിക്കൊണ്ട് അവിടേക്ക് കടന്നുവരും. അയാൾ പറയും: 'നിനക്ക് നാശം! വാഗ്ദത്തം ചെയ്യപ്പെട്ട ദിനമാണിത്!' നിഷേധി ചോദിക്കും: 'ആരാണ് നീ? നിന്റെ വൃത്തികെട്ട മുഖം കാണുമ്പോൾ തന്നെ നാശം.' അയാൾ പറയും: 'നിന്റെ ദുഷ്കർമങ്ങളത്രെ ഞാൻ.' അപ്പോൾ നിഷേധി നിലവിളിക്കുകയാണ്: എന്റെ നാഥാ, ആ ഖിയാമത്ത് അടുത്ത് വരാതിരുന്നെങ്കിൽ എത്ര നന്നായിരുന്നു!" (ഇമാം അഹ്മദ്, ബർറാഉബ്നു ആസിബി(റ)ൽനിന്ന് ഉദ്ധരിച്ച ദീർഘമായ ഹദീസിൽനിന്ന്).

പാരത്രിക ലോകത്ത് നടക്കുന്ന വിചാരണയിൽ സമ്പത്തും സന്താനങ്ങളും ബന്ധുമിത്രാദികളും മനുഷ്യന് പ്രയോജനം ചെയ്യില്ലെന്ന് ഖുർആൻ ഉണർത്തിയിട്ടുണ്ട്. കർമങ്ങൾക്ക് മാത്രമായിരിക്കും അന്നാളിൽ വില. "അന്നാളിൽ ജനങ്ങൾ കൂട്ടം കൂട്ടമായി തങ്ങളുടെ പ്രവർത്തനങ്ങൾ കാണുന്നതിനായി പുറപ്പെട്ടുവരും. ആർ അണുത്തൂക്കം നന്മ പ്രവർത്തിച്ചുവോ അതവൻ കാണും. ആര് അണുത്തൂക്കം തിന്മ പ്രവർത്തിച്ചുവോ അതും അവൻ കാണും" (99:6-8).

സമ്പത്തിനും ബന്ധുമിത്രാദികൾക്കും വേണ്ടിയുള്ള പരക്കംപാച്ചിലിനിടയിൽ യഥാർഥ കൂട്ടുകാരനെ വിസ്മരിക്കരുതെന്ന പാഠമാണ് ഹദീസ് പകർന്നു തരുന്നത്. ■

**ജഅ്ഫർ എളമ്പിലാക്കോട്**

* ഇമാം ത്വബ്റാനി, ബസ്സാർ എന്നിവർ ഉദ്ധരിച്ച ഈ ഹദീസിന്റെ നിവേദക പരമ്പര പ്രബലമാണെന്ന് പ്രമുഖ ഹദീസ് പണ്ഡിതൻ ഹാഫിള് ഹൈഥമി സാക്ഷ്യപ്പെടുത്തുന്നു (മജ്മഉസ്സവാഇദ്, വാല്യം 10, പേജ് 252)